(ബി) അതിൽ എത്ര ഹരിജനങ്ങളുണ്ട് ;

(സി) ഈ കമ്മിറ്റിയിൽ ഹരിജനങ്ങളുടെ പ്രാതിനിധ്യം നിലനിർത്തുന്നതിന് സ്പെഷ്യൽ റിക്രൂട്ടുമെന്റ് നടത്തിയിരുന്നോ ;

(ഡി) അവർക്ക് നിയമനം നൽകിയോ ;

(ഇ) ഉണ്ടെങ്കിൽ എന്നാണ് നൽകിയത് ;

(എഫ്) ഇല്ലെങ്കിൽ ഇതുവരെയും അവരെ നിയമിക്കാതിരിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 752 പേർ.

(ബി) 48 പേർ.

(സി) നടത്തിയിരുന്നു.

(ഡി) 16 പേർക്ക് നിയമനം നൽകി.

(ഇ) 1985 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലാണ് നിയമനം നടത്തിയത്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

പീരുമേട് താലൂക്കിൽ നല്ല റേഷനരി കിട്ടുന്നില്ലെന്നുള്ള പരാതി

134. [187] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് താലൂക്കിൽ നല്ല റേഷനരി കിട്ടുന്നില്ലയെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പീരുമേട് താലൂക്കിൽ നല്ല ഇനം അരി വിതരണം ചെയ്യുവാൻ വേണ്ട നിർദ്ദേശം എഫ്. സി. ഐ. അധികാരികൾക്കും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥൻമാർക്കും നൽകിയിട്ടുണ്ട്.

കുട്ടിക്കാനത്തെ എഫ്. സി. ഐ. ഡിപ്പോ

135. [188] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയംമറുപടി നൽകുമോ :

(എ) പീരുമേട് താലൂക്കിൽ കുട്ടിക്കാനത്ത് പ്രവർത്തിക്കുന്ന എഫ്. സി. ഐ. ഡിപ്പോ നിർത്തലാക്കുവാനും പ്രൈവറ്റ് വ്യക്തികൾക്ക് ഹോൾസെയിൽ ഡിപ്പോ നൽകുന്നതിനുമുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ എവിടംവരെയായി എന്ന് വ്യക്തമാക്കാമോ ;

(സി) എഫ്. സി. ഐ. ഡിപ്പോ എന്തു കാരണം കൊണ്ടാണ് നിർത്തലാക്കുന്നത് ?

ഉത്തരം

(എ) ജില്ലാ സംസ്ഥാന താലൂക്കുകളിൽ എഫ്.സി. ഐ.നടത്തിവരുന്ന ഭക്ഷ്യ ധാന്യങ്ങളുടെ മൊത്തവിതരണ ജോലിയിൽ നിന്നും ഒഴിവാക്കണമെന്ന് എഫ്. സി. ഐ. തുടരെ ആവശ്യപ്പെട്ടതിനാൽ ബദൽ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly